(ഡി) സംഭരണം മിൽമയുടെ ഉത്തരവാദിത്വത്തിലും വിതരണം മിൽമാ ഫുഡ്സുമാണ് നടത്തുന്നത്. പുറത്തുനിന്നും പാൽ വാങ്ങി സംഭരിക്കുന്നതിനാൽ മിൽമയ്ക്ക് നഷ്ടമില്ല.

(ഇ) ലഭ്യമാക്കാം. (അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(എഫ്) കരാർ പ്രകാരം പ്രവർത്തനം തുടങ്ങിയിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. സാമ്പത്തിക വർഷത്തിനുശേഷം പൂർണ്ണതോതിലുള്ള പ്രവർത്തനം പരിശോധിച്ചു മാത്രമേ ലാഭവും നഷ്ടവും നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്തെ പാൽക്ഷാമവും ഗുണനിലവാര പരിശോധനയും

104 [1113] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ചെലവാകുന്നുവെന്ന് അറിയിക്കാമോ;

(ബി) നഗരത്തിൽ ഇപ്പോൾ ഏതെല്ലാം ബ്രാന്റ് കവർപാൽ ആണ് വിതരണം ചെയ്യപ്പെടുന്നത്;

(സി) ഇവയുടെ ഗുണനിലവാരം ഏറ്റവും ഒടുവിൽ പരിശോധിച്ചത് എന്നായിരുന്നു;

(ഡി) ഗുണനിലവാരമില്ലാത്ത പാൽവിതരണകമ്പനികളുണ്ടെങ്കിൽ അവയുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(ഇ) നഗരത്തിൽ അനുഭവപ്പെടുന്ന പാൽക്ഷാമത്തിന് കാരണങ്ങളെന്തെല്ലാമാണ്;

(എഫ്) പാൽക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ജി) പാലിന്റെ ഗുണനിലവാര പരിശോധന യഥാസമയം നടത്താനും ആയതിന്റെ റിപ്പോർട്ട് പ്രചാരമുള്ള മാധ്യമങ്ങളിൽകൂടി ഉപഭോക്താക്കളെ അറിയിക്കാനും നടപടി സ്വീകരിക്കുമോ;

(എച്ച്) ഗുണനിലവാരമില്ലാത്ത പാൽ വിതരണം ചെയ്യാതിരിക്കാനുള്ള കരുതൽ നടപടികൾ കർശനമാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ മിൽമ പ്രതിദിനം 1.25 ലക്ഷം ലിറ്റർ പാൽ തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്നുണ്ട്.

(ബി) 20-ഓളം ബ്രാന്റുകൾ നഗര വിപണിയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 16-1-2004-ൽ.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

(ഡി) 2003 ഡിസംബർ മാസത്തെ പരിശോധനയിൽ, പ്രിയങ്ക, സ്വേത ബ്രാന്റുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടു.

(ഇ) മിൽമയുടെ പാൽ സംഭരണത്തിലുണ്ടായ കുറവ്, അന്യ സംസ്ഥാനങ്ങളിൽ നിന്നും പാൽ യഥാസമയം ഏർപ്പാടു ചെയ്യുവാനുണ്ടായ കാലതാമസം എന്നിവയാണ് നഗരത്തിൽ അനുഭവപ്പെട്ട പാൽക്ഷാമത്തിന്റെ കാരണങ്ങൾ.

(എഫ്) അന്യ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ മേഖലയിൽ നിന്നും കുറവു നികത്താനാവശ്യമായ പാൽ വാങ്ങുവാനായി മിൽമ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇക്കാര്യം ക്ഷീരവികസന വകുപ്പ് പരിശോധിക്കുന്നതാണ്.

(എച്ച്) നിർദ്ദേശം നൽകുന്നതാണ്.

കാർഷിക സർവ്വകലാശാലയിലെ നിയമനങ്ങൾ

105 [1114] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക സർവ്വകലാശാലയിൽ പുതുതായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തിയത് കാർഷിക സർവ്വകലാശാലയിലെ നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായിട്ടാണോ; ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടത്തിയിട്ടുള്ളത്;

(സി) നിലവിലുള്ള ചട്ടങ്ങൾ മറികടന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന ഇന്റർവ്യൂ ബോർഡിൽ ഫാക്കൽറ്റി ഡീനിനെ ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 45 നിയമനങ്ങൾ.

(ബി) അതെ. പ്രൊഫസർ, അസി. പ്രൊഫസർ, അഗ്രി ഫാക്കൽറ്റി ഡീൻ, ക്ലാസ് IV ജീവനക്കാർ, ടൈപ്പിസ്റ്റ് ഗ്രേഡ് II, അസിസ്റ്റന്റ് ഗ്രേഡ് II.

(സി—ഇ) ചട്ടങ്ങൾ മറികടന്ന് നിയമനം നടത്തിയിട്ടില്ല. വെള്ളായണി കാർഷിക കോളേജിൽ നടപ്പിലാക്കുന്ന താല്ക്കാലിക പദ്ധതികളിലേക്കുള്ള റിസേർച്ച് ഫെലോ/റിസേർച്ച് അസോസിയേറ്റ് നിയമനത്തിനുള്ള ഇന്റർവ്യൂ ബോർഡിൽ ഫാക്കൽറ്റി ഡീൻ ഉൾപ്പെടാതെ പോയത് താല്ക്കാലിക തസ്തികകളിലെ നിയമനം സംബന്ധിച്ച് സർവ്വകലാശാല ഇറക്കിയ സർക്കുലറിലെ അവ്യക്തതമൂലമാണ്. ഇത് സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് പരാതി ഒന്നും ലഭിച്ചിട്ടില്ലെന്ന് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സർക്കുലർ അവ്യക്തത നീക്കി പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly